DCKNR/3382/2020/DM4 Mailed to KSDMA on 18/5/2020.

കലക്ടറേറ്റ് കണ്ണൂർ

തീയ്യതി **13/05/2020**

ജില്ലാ കലക്ടറുടെ ചേമ്പറിൽ 13/05/2020 ന് ഉച്ചയ്ക്ക് ശേഷം 3.30 മണിക്ക് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ യോഗം മിനുട്സ്

യോഗം കൃത്യം [illegible] മണിക്ക് ജില്ലാ കലക്ടർ ശ്രീ സുഭാഷ്.ടി.വി. ഐ എ എസ് അവർകളുടെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേര് വിവരങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു. മൺസൂൺ മുന്നൊരുക്കത്തിന്റെ ഭാഗമായി ജില്ലാ ദുരന്ത നിവരാണ അതോറിറ്റിയും വിവിധ വകുപ്പുകളും അടിയന്തിരമായി സ്വീകരിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ടെന്ന് ആമുഖമായി ജില്ലാ കലക്ടർ അറിയിച്ച മേൽ വിഷയം സംബന്ധിച്ച് ഓരോ വകുപ്പുകളും അടിയന്തിരമായി സ്വീകരിക്കേണ്ട നടപടികൾ താഴെ പറയുന്നവയാണ്.

**<u>ജില്ലാ ദുരന്തനിവാരണ അതോറിറ്റി അംഗങ്ങൾ</u>**

| | | |
|---|---|---|
| 1. | ജില്ലാകളക്ടർ | ചെയർമാൻ |
| 2. | ജില്ലാപഞ്ചായത്ത് പ്രസിഡണ്ട് | കോ- ചെയർമാൻ |
| 3. | ഡെപ്യൂട്ടീകളക്ടർ (ഡി.എം) | ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ |
| 4. | ജില്ലാ മെഡിക്കൽ ഓഫീസർ | മെമ്പർ |
| 5. | ഡിവിഷണൽ ഓഫീസർ ,ഫയർ &റസ്ക്യൂ | മെമ്പർ |
| 6. | പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസർ | മെമ്പർ |
| 7. | ജില്ലാ പോലീസ് മേധാവി | മെമ്പർ |

മഴക്കാല ദുരന്തങ്ങളെ കൃത്യതയോടെയും തയ്യാറെടുപ്പുകളോടെയും കൂടി നേരിടാനുള്ള പ്രതികരണ പ്രവർത്തനങ്ങൾ നടത്തുവാൻ കഴിയേണ്ടതാണ്. കാലവർഷ-തുലാവർഷ മുന്നൊരുക്ക ദുരന്ത പ്രതികരണ മാർഗ്ഗരേഖ ഈ കാര്യാലയത്തിൽ നിന്നും 15/05/2020 ന് ഇ.മെയിൽ മുഖാന്തിരം അയച്ച് തന്നിട്ടുള്ളതാണ്. ആയത് പ്രകാരം എല്ലാ വകുപ്പുകളും അവരിൽ നിക്ഷിപ്തമായ ദുരന്ത പ്രതികരണ ചുമതലകൾ മനസ്സിലാക്കി ആവശ്യമായ വകുപ്പ് തല തയ്യാറെടുപ്പുകൾ നടത്തേണ്ടതാണ്.

National Disaster Management Guidlines പ്രകാരമുള്ള ജില്ലാതല ദുരന്ത പ്രതികരണ ചുമതലകൾ താഴെ പ്രകാരമാണ്.

1. സംസ്ഥാന/താലൂക്ക് തല Incident Response System ന്റെ ചുമതല വഹിക്കേണ്ടുന്ന ഉദ്യോഗസ്ഥരെ സംബന്ധിച്ച നിർദേശങ്ങൾ ചുവടെ ചേർക്കുന്നു.. എല്ലാ തസ്തികകളിൽ 8 മണിക്കൂർ പ്രവർത്തന ശേഷം മാറ്റുവാൻ ഒരു പകരം ഉദ്യോഗസ്ഥനെയും കണ്ടെത്തി Alternate IRS ഉം ഉറപ്പ് വരുത്തുക. തുടർച്ചയായി ഒരു ഉദ്യോഗസ്ഥനും 12 മണിക്കൂറിൽ അധികം പ്രവർത്തിക്കുന്നില്ല എന്ന് സേഫ്റ്റി ഓഫീസർ ഉറപ്പ് വരുത്തണം. പുതിയ ആളുകൾ ചാർജ്ജ്എടുക്കുമ്പോൾ മുൻപ് പ്രവർത്തിച്ചവർ നടത്തിയ പ്രവർത്തനം സംബന്ധിച്ച് ഒരു briefing നൽകണം

Scanned with CamSc

| District Level | | |
|---|---|---|
| 1 | Responsible Officer (RO) | Chairperson, DDMA (District Collector) |
| 2 | Incident Commander (IC) | Chief Executive Officer, DDMA (Deputy Collector, DM/ADM) |
| 3 | Deputy Incident Commander (DIC) | Assistant Development Commissioner (General) or District Planning Officer |
| 4 | Operations Section Chief (OSC) | A Dy. SP nominated by District Police Chief |
| 5 | Logistics Section Chief (LSC) | Regional Transport Officer nominated by RO |
| 6 | Planning Section Chief (PSC) | Assistant Divisional Fire Officer nominated by District Fire Officer |
| 7 | Safety Officer (SO) | A Medical Officer nominated by District Medical Officer |
| 8 | Media Officer (MO) | Information Officer (I & PRD) nominated by District Information Officer |
| 9 | Liaison Officer (LO) | Junior Superintendent, Natural Calamity |
| 10 | Information Officer (IO) | Hazard Analyst, DEOC |
| Taluk Level | | |
| 1 | Responsible Officer (RO) | Deputy Collector or equivalent nominated by Chairperson, DDMA |
| 2 | Incident Commander (IC) | Tahasildar of the Taluk |
| 3 | Deputy Incident Commander (DIC) | Block Development Officer nominated by Assistant Development Commissioner |
| 4 | Operations Section Chief (OSC) | A Circle Inspector of Police nominated by District Police Chief |
| 5 | Logistics Section Chief (LSC) | Motor Vehicles Inspector nominated by Regional Transport Officer |
| 6 | Planning Section Chief (PSC) | Station Officer, Fire and Rescue Services nominated by District Fire Officer |
| 7 | Safety Officer (SO) | A Medical Officer nominated by District Medical Officer |
| 8 | Media Officer (MO) | Information Officer nominated by District Information Officer (I & PRD) |
| 9 | Liaison Officer (LO) | A suitable Village Officer equivalent from the Taluk Office nominated by Tahasildar |
| 10 | Information Officer (IO) | A suitable Village Officer equivalent from the Taluk Office nominated by Tahasildar |

2. IRS ൽ ഓരോരുത്തരുടേയും ഉത്തരവാദിത്തം സംബന്ധിച്ച് പരിശീലനം ഉദ്യോഗസ്ഥർക്കായി ജില്ലയിൽ വച്ച് ആവശ്യാനുസരണം നൽകുന്നതാണ്.

3. ജില്ലയിലെ അടിയന്തിരഘട്ട കാര്യനിർവഹണ കേന്ദ്രത്തിൽ റവന്യൂ, പോലീസ് (പോലീസ് VHF റേഡിയോ സഹിതം), അഗ്നിശമന സേന എന്നീ വകുപ്പുകളുടെ പ്രതിനിധികളെ ഷിഫ്റ്റ് വ്യവസ്ഥയിൽ ഉൾപ്പെടുത്തി 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട് .

4. പൊതു ജനങ്ങളെ മുന്നറിയിപ്പ് അറിയിക്കുന്നതിന് വോട്ടർ പട്ടികയുമായി ബന്ധപ്പെട്ടുള്ള മൊബൈൽ നമ്പർ ശേഖരം ഉപയോഗിച്ച് , സംവിധാനം എൻ.ഐ.സി തയ്യാറാക്കേണ്ടതാണ്.

Scanned with CamSc

5.എല്ലാ അണക്കെട്ടുകളുടെയും റെഡ്, ഓറഞ്ച്, നീല എന്നീ അലേർട്ട് ജലനിരപ്പുകളും, റൂൾ കെർവ് അനുസരിച്ച് ഏതു സാഹചര്യങ്ങളിൽ അണക്കെട്ടുകൾ തുറന്നുവിടും എന്നും അണക്കെട്ടുകൾ നിലനിൽക്കുന്നതും, അണക്കെട്ടിലെ ജലം ഒഴുകി പോകുന്നതുമായ ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾക്ക് ജലസേചന വകുപ്പും, കെ.എസ്.ഇ.ബിയും ജൂൺ 10 ന് മുൻപ് നൽകേണ്ടതാണ്. ഇത്തരത്തിൽ ലഭിക്കുന്ന വിവരം ജില്ലാ ദുരന്ത നിവാരണ അതോറിറ്റി പരിഗണിച്ച് ഉചിതമായ നിർദേശങ്ങൾ സഹിതം അനുമതി നൽകി എന്ന് ഉറപ്പ് വരുത്തുക. ഈ അംഗീകൃത പദ്ധതി അനുസരിച്ച് മാത്രമേ അണക്കെട്ടുകളിൽ നിന്നും ജലം തുറന്ന് വിടുവാൻ പാടുള്ളൂ .

6.ജലസേചന വകുപ്പുകളിലെ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ ജില്ലയിലെ മഴയും, ജലവും, അണക്കെട്ടിലെ ജലവും സംബന്ധിച്ച വിവരങ്ങൾ അതതു ദിവസം ക്രോഡീകരിച്ച് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക് നൽകുവാൻ ചുമതലപ്പെടുത്തുക. പുഴകളിലെയും അണക്കെട്ടുകളിലെയും ജലനിരപ്പുമായി ബന്ധപ്പെട്ട് അടിയന്തിര സാഹചര്യം ഏതെങ്കിലും പ്രദേശത്തുണ്ടോ എന്ന് നിരന്തരം നിരീക്ഷിക്കുവാനും പ്രസ്തുത ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുക. അതാത് ദിവസത്തെ മഴയുടെ അളവ്, പുഴകളിലെ ജലനിരപ്പ്എന്നിവ ഒരു Excel ഫയൽ ആയി സൂക്ഷിക്കുകയും, ആയത് അവലോകനം ചെയ്ത്, വെള്ളപ്പൊക്ക സാധ്യത ജില്ലാ അതോറിറ്റിയെ ദിവസവും അറിയിക്കുകയും ചെയ്യുക.

7.സ്വകാര്യ ഭൂമിയിലുള്ള അപകടകരമായ മരങ്ങളും മരച്ചില്ലകളും കണ്ടെത്തി മുറിച്ച് മാറ്റുവാൻ പൊതുജനങ്ങൾക്ക് പത്ര-മാധ്യമങ്ങൾ വഴി നിർദേശം നൽകുക. ഈ നിർദേശം അനുസരിക്കാത്ത വ്യക്തികൾക്കും സ്വകാര്യ സ്ഥാപനങ്ങൾക്കുമായിരിക്കും അവരവരുടെ ഭൂമിയിലുള്ള മരം വീണ് ഉണ്ടാകുന്ന എല്ലാ അപകടങ്ങൾക്കും നഷ്ട പരിഹാരം നൽകുവാൻ ബാധ്യത എന്നത് പരസ്യപ്പെടുത്തുക.-ചുമതല-തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ

8.പരസ്യ ഹോർഡിങ്ങുകളുടെ ശക്തി/ബലം പരിശോധിക്കുവാനും, ഇവ കാറ്റത്ത് മറിഞ്ഞു വീണ് നഷ്ടവും ജീവ ഹാനിയും ഉണ്ടാക്കുന്നില്ല എന്നും ഉറപ്പ് വരുത്തണം എന്നും ജില്ലയിൽ ഇത്തരം ബോർഡ് സ്ഥാപിച്ചിട്ടുള്ള എല്ലാ പരസ്യ സ്ഥാപനങ്ങൾക്കും തദ്ദേശ സ്ഥാപനങ്ങൾ കർശന നിർദേശങ്ങൾ നൽകേണ്ടതാണ്.

9.എല്ലാ താലൂക്കിലും അഗ്നിശമന സേനയുടെയോ, പോലീസിൻറെയോ ഒരു Tower light എങ്കിലും ഉണ്ട് എന്ന് ഉറപ്പു വരുത്തുക.

10.അംഗീകൃത ദുരന്തത്തിൽ തകർച്ച നേരിട്ട വീടുകളുടെ കെട്ടിട തകർച്ചയുടെ തോത് മാത്രം ശതമാന നിരക്കിൽ GO (Ms) No. 24/2018/DMD dated 26-10-2018 പ്രകാരം കണക്കാക്കി അതാത് വില്ലേജ് ഓഫീസർക്ക് ദുരന്തം ഉണ്ടായി 3 ദിവസത്തിനുള്ളിൽ തദ്ദേശ-സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം റിപ്പോർട്ട് നൽകണം .

11.ജില്ലയിലെ എല്ലാ ആശുപത്രികളുടെയും സുരക്ഷാ സംവിധാനങ്ങൾ പ്രവർത്തിക്കുന്നുണ്ട് എന്ന് അതാത് തദ്ദേശ സ്ഥാപനങ്ങൾ പരിശോധിച്ചിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തുക. ഇതിനായി അഗ്നി സുരക്ഷാ വകുപ്പ് പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്. അഗ്നി സുരക്ഷാ വകുപ്പിൻറെ എൻ.ഓ.സി ഇല്ലാത്ത കെട്ടിടങ്ങൾ ആശുപത്രി നടത്തുവാൻ ഉപയോഗിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുക.

Scanned with CamScanner

12.ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കായി ഓരോ വകുപ്പും ഒരു ജില്ലാതല നോഡൽ ഓഫീസറെ നിയമിക്കണം. പ്രസ്തുത വ്യക്തിയുടെ പേര്, പദവി, ബന്ധപ്പെടാനുള്ള ഫോൺ നമ്പർ എന്നിവ ജില്ലാ അതോറിറ്റികൾക്ക് 30-5-2019 ന് മുൻപ് കൈമാറണം.

13.വകുപ്പുകളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും കൈവശം ഉള്ള ഭൂമിയിൽ ഉള്ള അപകടകരമായ മരങ്ങളും മരച്ചില്ലകളും കണ്ടെത്തി മുറിച്ച് മാറ്റുവാൻ ദുരന്ത നിവാരണ നിയമം 2005, Section 30 (2) (v) പ്രകാരം എല്ലാ വകുപ്പുകൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദേശം നൽകിയിട്ടുള്ളതാണ്. ഇതിനായി വകുപ്പുകൾ സ്വന്തമായി പണം കണ്ടെത്തണം. അപകടകരം എന്നും അടിയന്തിരമായി മാറ്റേണ്ടത് എന്നും കണ്ടെത്തുന്ന മരങ്ങളും മരച്ചില്ലകളും മുറിക്കുവാനുള്ള അനുമതി നൽകുന്നതിന് പ്രാദേശികമായി അതാത് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി, വില്ലേജ് ഓഫീസർ, പ്രദേശത്തെ വനം റേഞ്ച് ഓഫീസർ എന്നിവർ അടങ്ങുന്ന ഒരു സമിതിയെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. ഈ സമിതിയുടെ ശുപാർശയ്ക്ക് വിധേയമായി അടിയന്തിരമായി മുറിക്കേണ്ട മരങ്ങളും മരച്ചില്ലകളും മുറിക്കുവാൻ ജില്ല ദുരന്ത നിവാരണ അതോറിറ്റി ചെയർമാന് തീരുമാനം കൈക്കൊള്ളാവുന്നതാണ്. ഈ നിർദേശം അനുസരിക്കാത്ത വകുപ്പുകൾക്കായിരിക്കും അവരവരുടെ ഭൂമിയിലുള്ള മരം വീണ് ഉണ്ടാകുന്ന എല്ലാ അപകടങ്ങൾക്കും നഷ്ട പരിഹാരം നൽകുവാൻ ബാധ്യത. അടിയന്തിരമല്ലാത്ത സാഹചര്യത്തിൽ വനം വകുപ്പിൻറെ പ്രാദേശിക ട്രീ കമ്മിറ്റിയുടെ അനുമതിക്ക് ശേഷം മാത്രമേ മരം മുറിക്കുവാൻ പാടുള്ളൂ. മറ്റ് വകുപ്പുകളുടെ ഭൂമിയിൽ ഉള്ള മരം കോതി ഒതുക്കുവാനും മുറിച്ച് മാറ്റുവാനും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും പണം വിനിയോഗിക്കുവാൻ പാടില്ല. എന്നാൽ അംഗീകൃത ദുരന്തത്തിൽ മറിഞ്ഞു വീഴുന്ന മരം മുറിച്ച് മാറ്റി ഗതാഗതം പുനർസ്ഥാപിക്കുവാനും, Search and Rescue വിനായും മരം മുറിച്ച് മാറ്റുന്നത് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ അനുവദനീയമാണ്.

**14.ക്യാമ്പുകളുടെ നടത്തിപ്പിനുള്ള മാർഗനിർദേശങ്ങൾ**

വില്ലേജിൽ ചുരുങ്ങിയത് ഒന്ന് എന്ന കണക്കിൽ അടിയന്തിരഘട്ടങ്ങളിൽ ദുരിതാശ്വാസ ക്യാമ്പുകൾ ആരംഭിക്കുവാൻ ആവശ്യമായ കെട്ടിടങ്ങൾ കണ്ടെത്തുകയും ഇവയുടെ പട്ടിക താഹസിൽദാർമാർ ജില്ലാ അടിയന്തിരഘട്ട കാര്യനിർവഹണ കേന്ദ്രങ്ങളിലേക്ക് കൈമാറേണ്ടതാണ്. അദ്ധ്യയനം തടസപ്പെടാതിരിക്കാൻ സ്കൂളുകളും, വിദ്യാഭ്യാസ സ്ഥാപനങ്ങളും പരമാവധി ഒഴിവാക്കുക. കോവിഡ് 19 രോഗ വ്യാപനം തടയുന്നതിലേക്ക് വിദേശ രാജ്യങ്ങളിൽ നിന്നും , മറ്റു സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് വരുന്നവരെ ക്വാറന്റൈൻ ചെയ്യുന്നതിലേക്ക് കെട്ടിടങ്ങൾ ഏറ്റെടുത്തിട്ടുള്ളതിനാൽ ദുരിതാശ്വാസ ക്യാമ്പുകളായി പ്രവർത്തിക്കാൻ പ്രാപ്തമായ കെട്ടിടങ്ങൾ കെട്ടിടങ്ങൾ മുൻകൂട്ടി കണ്ടെത്തി ആവശ്യമായ ക്രമീകരണങ്ങൾ നടത്തേണ്ടതാണ്. ഇത്തരത്തിൽ കണ്ടെത്തുന്ന കെട്ടിടങ്ങളുടെ ഒരു താക്കോൽ അതാത് വില്ലേജ് ഓഫീസർ സൂക്ഷിക്കേണ്ടതാണ്. കെട്ടിടങ്ങൾ സർക്കാർ ഉടമസ്ഥതയിൽ ഉള്ളതായിരിക്കണം എന്ന് നിർബന്ധം ഇല്ല.

15.ക്യാമ്പുകളുടെ പൊതു നടത്തിപ്പ് ചുമതല അതാത് സ്ഥലത്തെ വില്ലേജ് ഓഫീസർക്കായിരിക്കും.

16.എല്ലാ ക്യാമ്പുകളിലും ചുമതലക്കാരായി രണ്ട് ഉദ്യോഗസ്ഥരെ നിയോഗിക്കണം. ഷിഫ്റ്റ് വ്യവസ്ഥയിൽ ഇവരുടെ സേവനം എല്ലാദിവസവും 8 മണിക്കൂർ വീതം ക്യാമ്പിൽ ലഭ്യമായിരിക്കണം.

Scanned with CamSc

17.എല്ലാ ക്യാമ്പുകളിലും ക്യാമ്പ് പരിപാലന കമ്മിറ്റി രൂപീകരിക്കുക. കമ്മിറ്റി അംഗങ്ങൾ - വാർഡ് മെമ്പർ, ക്യാമ്പിൻറെ ചുമതലയുള്ള ഉദ്യോഗസ്ഥൻ, ക്യാമ്പിലെ ഒരു വനിതാ പ്രതിനിധി, ക്യാമ്പിലെ ഒരു പുരുഷ പ്രതിനിധി.

**ജലസേചന വകുപ്പ്**

18.തീരശോഷണ ആഘാതം ലഘൂകരിക്കുവാൻ ആവശ്യമായ രീതിയിൽ ജലസേചന വകുപ്പ് കടൽ ഭിത്തികൾക്കുള്ള കേടുപാടുകൾ അടിയന്തിരമായി പരിശോധിച്ച്, പരിഹരിക്കുക. കടൽ ഭിത്തിയുടെ നിർമ്മാണം, പരിപാലനം, പുനർനിർമ്മാണം എന്നിവയ്ക്ക് ദുരന്ത പ്രതികരണ നിധി വിനിയോഗിക്കുവാൻ പാടുള്ളതല്ല.

19.അടിയന്തിരഘട്ടങ്ങളിൽ തീരത്തെ വീടുകൾക്ക് സംരക്ഷണം നൽകുവാൻ ആവശ്യമായ രീതിയിൽ, കടൽ ഭിത്തികൾക്ക് ബലം കുറഞ്ഞ സ്ഥലങ്ങളിൽ മണൽനിറച്ച കയർ ചാക്കുകളോ, ജിയോ ട്യൂബുകളോ കരുതുവാൻ വേണ്ടുന്ന നടപടികൾ ജലസേചന വകുപ്പ് നടത്തുക.

20.തീരശോഷണം നേരിടുവാൻ സാധ്യതയുള്ള എല്ലാ പ്രദേശങ്ങൾ കണ്ടെത്തി 30-5-2020 ന് മുൻപ് പ്രസ്തുത വിവരം ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയെ അറിയിക്കുക.

21.വകുപ്പിന്റെ നിയന്ത്രണത്തിൽ ഉള്ള എല്ലാ കാനലുകളും, പുഴകളും, നീർച്ചാലുകളും തടസരഹിതമാക്കി എന്ന് മെയ് മാസത്തിൽ തന്നെ ഉറപ്പ് വരുത്തുക. പ്രധാന നീർചാലുകളും, ഓടകളും, പരിശോധിച്ച്, അവയിൽ തടസങ്ങൾ ഇല്ല എന്ന് മണ്ണ് സംരക്ഷണ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് എന്നിവരുമായി ചേർന്ന് ഉറപ്പ് വരുത്തുക. മഴവെള്ളത്തിന്റെ ഒഴുക്ക് തടസ്സപ്പെടുത്തുന്ന എല്ലാ വസ്തുക്കളും ഓടകളിൽനിന്നും, നീർച്ചാലുകളിൽ നിന്നും മാറ്റുക.

**കെ.എസ്.ഇ.ബി**

22.അണക്കെട്ടുകളിൽ നിന്നും ജലം തുറന്ന വിടുന്ന സാഹചര്യം ഉണ്ടായാൽ 36 മണിക്കൂർ മുൻപ് അണക്കെട്ടിന്റെ ജല ബഹിർഗമന പാതയിലുള്ള എല്ലാ ജില്ലകളിലെയും തുറന്നുവിടുവാൻ സാധ്യതയുള്ള അടിയന്തിരഘട്ട കാര്യനിർവഹണ കേന്ദ്രങ്ങളിൽ (BSNL 1077ൽ) നിർബന്ധമായും അറിയിപ്പ് നൽകേണ്ടതാണ്. ജില്ലാ കളക്ടറുടെ അനുമതിയോടെ മാത്രമേ അണക്കെട്ടുകളിൽ നിന്നും ജലം തുറന്ന വിടാൻ പാടുള്ളു.

**ഫിഷറീസ് വകുപ്പ്**

23.ബോട്ട്-കപ്പൽ അപകടങ്ങൾ ഉണ്ടായാൽ പെട്ടെന്ന് തിരച്ചിൽ നടത്തുന്നതിനായി സ്പീഡ് ബോട്ടുകൾ മത്സ്യബന്ധന വകുപ്പ് കരാർ അടിസ്ഥാനത്തിൽ എല്ലാ Fish Landing സെൻററിലും ലഭ്യമാക്കുക.

24.കടൽ ക്ഷോഭം സംബന്ധിച്ച മുന്നറിയിപ്പുകൾ മത്സ്യ തൊഴിലാളികൾക്കും, തീരദേശ നിവാസികൾക്കും സമയ ബന്ധിതമായി നൽകുവാൻ ഫിഷറീസ് വകുപ്പും, തീരദേശ പോലീസും, Marine Enforcement ഉം ആവശ്യമായ ക്രമീകരണങ്ങൾ വരുത്തുക.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ**

Scanned with CamSc

25. വഴിയരികുകളിലും, കടത്തിണ്ണകളിൽ, ബസ് സ്റ്റാൻഡ്കളിലും അന്തിഉറങ്ങുന്ന ആളുകൾക്ക് മഴക്കാലം ദുരന്ത പൂർണമാണ്. ഇത് ഒഴിവാക്കുവാനും, ഇവർക്ക് ഈ മഴകാലത്ത് രാത്രികാലങ്ങളിൽ ഉറങ്ങാനും, അത്താഴം നൽകുവാനും ഉള്ള സംവിധാനം തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സാമൂഹിക നീതി വകുപ്പിന്റെ സഹകരണത്തോടെ ഒരുക്കേണ്ടതാണ്.

26. പ്രധാന നീർചാലുകളും, ഓടകളും, പരിശോധിച്ച്, അവയിൽ തടസങ്ങൾ ഇല്ല എന്ന് മണ്ണ് സംരക്ഷണ വകുപ്പ്, ജലസേചന വകുപ്പ് എന്നിവരുമായി ചേർന്ന് ഉറപ്പ് വരുത്തുക. മഴവെള്ളത്തിന്റെ ഒഴുക്ക് തടസ്സപ്പെടുത്തുന്ന എല്ലാ വസ്തുക്കളും ഓടകളിൽനിന്നും ചെറുനീർച്ചാലുകളിൽ നിന്നും മാറ്റുക.

**മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ്**

27. രണ്ട് ദിവസം അടുപ്പിച്ച് മഴ പെയ്താൽ, ഇത്തരത്തിൽ മഴ പെയ്യുന്ന വില്ലേജുകളിൽ ഉള്ള പാറമടകളിൽ പാറ പൊട്ടിക്കുന്നത്, മഴ പെയ്യാതെ 24 മണിക്കൂർ സമയം ഉണ്ടാകുന്നത് വരെ നിർത്തിവെക്കുവാൻ ഉത്തരവ് നൽകുക

28. പാറമടകളിലെ കുളങ്ങൾക്ക് ചുറ്റും ഉറപ്പും, ഉയരവും ഉള്ള മുള്ള് വേലി/കമ്പി വേലി/മതിൽ കെട്ടി സംരക്ഷിക്കേണ്ടതാണ്. ഈ നിർദേശം എല്ലാ സ്വകാര്യ പാറമടഉടമസ്ഥരും 45 ദിവസത്തിനുള്ളിൽ പാലിച്ചു എന്ന് ഉറപ്പ് വരുത്തണം. പ്രവർത്തനം നിലച്ച പാറമടക്കുളങ്ങൾ ഉള്ള പാറമട ഉടമസ്ഥർക്കും ഈ തീരുമാനം ബാധകമാണ്.

29. പുറമ്പോക്കിൽ ഉള്ള, നിലവിൽ പ്രവർത്തനം നിലച്ച പാറമടകളിൽ ഉള്ള ഇത്തരം കുളങ്ങൾക്ക് ചുറ്റും വേലി/കമ്പി വേലി/മതിൽ കെട്ടി സംരക്ഷിക്കേണ്ടതിന്റെ ചുമതല മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിനാണ്. ഇതിനാവശ്യമായ തുക പ്രസ്തുത വകുപ്പ് Quarry Safety Fund/District Mineral Foundation Fund ൽ നിന്നും കണ്ടെത്തേണ്ടതാണ്.

**മൃഗസംരക്ഷണ വകുപ്പ്**

30. പക്ഷികൾക്കും, മൃഗങ്ങൾക്കും മഴക്കാലത്ത് ഉണ്ടാകാവുന്ന പകർച്ച വ്യാധികൾ പരിഗണിച്ച് ഇവയെ പ്രതിരോധിക്കുന്നതിന് ജില്ലാ തല പദ്ധതി തയാറാക്കി നടപ്പാക്കുക.

**ആരോഗ്യ വകുപ്പ്**

31. എല്ലാ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും ജില്ല ആശുപത്രികളിലും പകർച്ചവ്യാധികൾ തടയുന്നതിനായുള്ള നടപടികൾ സ്വീകരിക്കുക. മഴക്കാല രോഗങ്ങൾക്ക് ആവശ്യമായ മരുന്നുകൾ എല്ലാ തരം ആശുപത്രികളിലും ഉണ്ട് എന്ന് ഉറപ്പ് വരുത്തുക.

**സിവിൽ സപ്ലൈസ് വകുപ്പ്**

32. എല്ലാ താലൂക്കിലും ഉള്ള സപ്ലൈ ഓഫീസർമാർ കുറഞ്ഞത് 100 കിലോ അരി, 50 കിലോ പയർ, 10 കിലോ എണ്ണ, 75 കിലോ മണ്ണെണ്ണ എന്നിവ അടിയന്തിരഘട്ടങ്ങളിൽ ഉപയോഗിക്കുവാനായി സംഭരിച്ച് സൂക്ഷിക്കുക. അടിയന്തിരഘട്ടങ്ങളിൽ ആവശ്യമായ ക്യാമ്പുകളിൽ ഇത്തരത്തിൽ സംഭരിച്ചിട്ടുള്ള ഭക്ഷ്യ-

Scanned with CamScanner

**പോലീസ്**

33.ഒഴുപ്പിക്കൽ, രക്ഷാ പ്രവർത്തനങ്ങളുടെ നടത്തിപ്പിൻറെ ചുമതല പോലീസിനായിരിക്കും

34.ജില്ല DEOC യിൽഷിഫ്റ്റ് അടിസ്ഥാനത്തിൽ ഒരു സിവിൽ പോലീസ് ഓഫീസർ, പോലീസ് വി.എച്ച്.എഫ് സഹിതം ദിവസം മുഴുവനും ഉണ്ട് എന്ന് ഉറപ്പ് വരുത്തുക.

35.ദുരന്ത സാഹചര്യത്തിൽ താൽകാലികമായി ഒഴുപ്പിക്കുന്ന പ്രദേശങ്ങളിൽ നിരന്തരം പട്രോളിംഗ് നടത്തുക.

36.ദേശീയ/സംസ്ഥാന/ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെയോ, കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെയോ അംഗീകാരം ഇല്ലാത്ത ഒരു സന്നദ്ധ സംഘടനയുടെയും പ്രവർത്തനം ദുരന്ത മേഘലയിൽ ഉണ്ടാകുന്നില്ല എന്ന് ഉറപ്പ് വരുത്തുക.

സെൽഫി എടുക്കുവാനും ദുരന്ത മേഘലയിൽ സന്ദർശന ഉദ്ധ്യേത്തോടെയും വരുന്നവരെ നിരുത്സാഹപ്പെടുത്തുകയും കർശനമായി ഒഴിവാക്കുകയും ചെയ്യേണ്ടതാണ്.

**വിദ്യാഭ്യാസ വകുപ്പ്**

37.ജില്ലയിലെ എല്ലാ സ്കൂളുകളുടെയും fitness തദ്ദേശ-സ്വയംഭരണ പൊതുമരാമത്ത് വകുപ്പ് എഞ്ചിനീയറെകൊണ്ട് അതാത് തദ്ദേശ സ്ഥാപനങ്ങൾ പരിശോധിച്ചിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തുക. Fitness ഇല്ലാത്ത കെട്ടിടങ്ങൾ സ്കൂളുകൾ നടത്തുവാൻ ഉപയോഗിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുക.

**സാമൂഹിക നീതി വകുപ്പ്**

38.അതാത് പഞ്ചായത്തിലെ അംഗപരിമിതരുടെ പേര്, വീട്ട് അഡ്രസ്സ്, മൊബൈൽ ഫോൺ എന്നിവ അതാത് പഞ്ചായത്ത് സെക്രട്ടറി, തഹസിൽദാർ എന്നിവർക്ക് നൽകുക. ആശാ വർക്കർ, അംഗൻവാടികളിലെ ഉദ്യോഗസ്ഥർ എന്നിവർക്ക് മേൽ വിവരം നൽകുകയും, ദുരന്ത സാഹചര്യ വിവരവും, മുന്നറിയിപ്പുകളും ഇവരുടെ വീടുകളിൽ എത്തി എന്ന് പ്രത്യേകം ഉറപ്പ് വരുത്തുവാൻ അംഗൻവാടി സൂപ്പർവൈസറെ ചുമതലപ്പെടുത്തുക. ഇതിനായി, ഇവരുടെയോ, സഹായിയുടെയോ മൊബൈൽ ഫോൺ വിവര ശേഖരണം നടത്തി ഇവ ജില്ലാ സാമൂഹിക നീതി വകുപ്പ് ഓഫീസർ സൂക്ഷിക്കുകയും, ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്നും ലഭിക്കുന്ന വിവരങ്ങൾ ഇവർക്ക് ലഭ്യമാക്കുവാൻ എസ്.എം.എസ്, WhatsApp എന്നിവ ഉപയോഗിക്കുക.

**ഗതാഗത വകുപ്പ്**

39.എല്ലാ ജില്ലകളിലെയും ട്രക്ക്, ജെ.സി.ബി, ഹിറ്റാച്ചി, ജീപ്പ്,കാർ ജനറേറ്ററുകൾ എന്നിവയുടെ റേറ്റ് തയ്യാറാക്കി ഈ കാര്യാലയത്തിൽ അറിയിക്കുക.

**മണ്ണ് സംരക്ഷണ വകുപ്പ്**

41 എല്ലാ ബ്ലോക്കിലേയും പ്രധാന നീർചാലുകൾ പരിശോധിച്ച്, അവയിൽ തടസങ്ങൾ ഇല്ല എന്ന് തദ്ദേശ സ്വയംഭരണ വകുപ്പ്, ജലസേചന വകുപ്പ് എന്നിവരുമായി ചേർന്ന് ഉറപ്പ് വരുത്തുക

Scanned with CamSc

42 മലയോര മേഘലയിൽ കർഷകർക്കിടയിൽ മലയോര മേഘലയിൽ ഉരുൾപൊട്ടൽ സാധ്യത ലഘൂകരിക്കുവാൻ ആവശ്യമായ പ്രചാരണം നടത്തുക. ഇതിന് ആവശ്യമായ ലഘുലേഖയിൽ ഉൾപ്പെടുത്തേണ്ട Content സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ലഭ്യമാക്കും.

43.അടിയന്തിര ഘട്ടങ്ങളിൽ, ജില്ലയിലെ മണ്ണ് സംരക്ഷണ വകുപ്പ് ഉദ്യോഗസ്ഥരുടെ സേവനം പൂർണ്ണമായും ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക് ലഭ്യമാക്കുക

**അഗ്നി സുരക്ഷാ വകുപ്പ്**

44 കാലാവസ്ഥാ മുന്നറിയിപ്പുകളും ദുരന്ത നിവാരണ അതോറിറ്റി പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും എല്ലാ അഗ്നി സുരക്ഷാ സ്റ്റേഷനുകളിലും എത്തുന്നു.എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

45 മലയോര മേഖലയിൽ രാത്രിയാത്രാ ഒഴിവാക്കുവാൻ നിർദ്ദേശം നൽകുന്ന അവസരങ്ങളിൽ അത്തരം പാതകളിൽ ഗതാഗത തടസ്സം നീക്കുന്നതിനുള്ള നടപടി സ്വീകരിക്കുക

**എക്സൈസ്**

46.അടിയന്തിര ഘട്ടങ്ങളിൽ സേനയുടെ വാഹനങ്ങളുടെ സേവനവും, ദുരന്ത സാഹചര്യത്തിൽ രക്ഷാ പ്രവർത്തനം എന്നിവയ്ക്ക് ലഭ്യമാക്കുക

47 താൽക്കാലികമായി പ്രവർത്തിക്കുന്ന ക്യാമ്പുകളിൽ മദ്യമോ,ലഹരി പദാർത്ഥങ്ങളോ വിൽപ്പനയോ, ഉപയോഗമോ ഇല്ലെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

**വനം വകുപ്പ്**

48.ഓറഞ്ച്,റെഡ് അലേർട്ട് ഉള്ള ദിവസങ്ങളിലും,സംസ്ഥാന ദുരന്ത അതോറിറ്റി പ്രത്യേക മുന്നറിയിപ്പ് പുറപ്പെടുവിക്കുന്ന ദിവസങ്ങളിലും അലേർട്ട് ഉള്ള ജില്ലകളിലും വനം മേഖലയിലെ വിനോദ സഞ്ചാരം ഒഴിവാക്കുക

49 കാലവർഷം ശക്തമായാൽ വനത്തിനുള്ളിൽ വസിക്കുന്ന തദ്ദേശിയവർക്ക് ആവശ്യമായ ഭക്ഷ്യസാധനങ്ങൾ ലഭ്യമാക്കുന്നുണ്ടെന്ന് പട്ടികജാതി/പട്ടിക വർഗ്ഗ വികസന വകുപ്പുമായി ചേർന്ന് ഉറപ്പ് വരുത്തുക

50 വനത്തിനുള്ളിൽ താമസിക്കുന്ന തദ്ദേശിയവരെ ആവശ്യമാണെങ്കിൽ മാറ്റി താമസിപ്പിക്കുവാൻ ആവശ്യമായ ക്യാമ്പുനടത്തുവാൻ ഉതകുന്ന കെട്ടിടങ്ങൾ അതാത് ഊരുകളിലോ, ഏറ്റവും അടുത്തുള്ള കെട്ടിട സമുച്ചയങ്ങളിലോ കണ്ടെത്തി തയ്യാറാക്കേണ്ടതാണ്.

മേൽ മുന്നൊരുക്ക പ്രവർത്തനങ്ങളുടെ നടത്തിപ്പ് സംബന്ധിച്ച റിപ്പോർട്ട് അതാത് വകുപ്പുകൾ **30.05.2020** നുള്ളിൽ ഈ കാര്യാലയത്തിൽ അയച്ച് തരേണ്ടതാണ്. മേൽ റിപ്പോർട്ട് ക്രോഡീകരിച്ച് ജൂൺ ആദ്യവാരം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക് അയച്ച് കൊടുക്കേണ്ടതുമാണ്.

I മലയോര മേഖലയിലെ മുഴുവൻ പഞ്ചായത്ത്, മുൻസിപ്പാലിറ്റികളിലെയും ഓടകൾ മഴക്കാലത്തിന് മുന്നോടിയായി വൃത്തിയാക്കിയെന്നുള്ള സർട്ടിഫിക്കറ്റ് ഈ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത് ക്രോഡീകരിച്ച് ഈ കാര്യാലയത്തിൽ ഒരാഴ്ചയ്ക്കുള്ളിൽ സമർപ്പിക്കുവാൻ ജില്ലാ കലക്ടർ അറിയിച്ചു.

Scanned with CamSc

II മഴക്കാലത്തിന് മുന്നോടിയായി റോഡരികിലുള്ള അപകടകരമായ മുഴുവൻ കമാനങ്ങളും ബോർഡുകളും, കൊടികളും, തോരണങ്ങളും എത്രയും പെട്ടെന്ന് ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നീക്കം ചെയ്യേണ്ടതാണെന്ന് ജില്ലാ കലക്ടർ നിർദ്ദേശിച്ചു.

III. എല്ലാ വകുപ്പ് മേധാവികളും അടിയന്തിരമായി മഴക്കാല ദുരന്തങ്ങളുമായി ബന്ധപ്പെട്ട് ഒരു നോഡൽ ഓഫീസറെ നിയമിച്ച് ചുവടെ ചേർത്ത പട്ടികയിൽ തയ്യാറാക്കി ഈ ഓഫീസിൽ രണ്ട് ദിവസത്തിനുള്ളിൽ അറിയിക്കണം. മേൽ ജീവനക്കാർ സ്ഥലം മാറിപോവുകയോ മറ്റോ ചെയ്തിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണെന്ന് ജില്ലാ കലക്ടർ അറിയിച്ചു.

| Office | Name& Designation | Wats App No | Email id |
|---|---|---|---|
| | | | |

IV സ്വകാര്യ ഭൂമിയിലുള്ള അപകടകരമായ മരങ്ങളും മരച്ചില്ലകളും കണ്ടെത്തി മുറിച്ച് മാറ്റുവാനായി പൊതു ജനങ്ങൾക്ക് പത്ര,ദൃശ്യ,ശ്രാവ്യ മാധ്യമങ്ങൾ വഴി വ്യാപക പ്രചരണം നടത്തേണ്ടതാണെന്നും അപ്രകാരം അനുസരിക്കാത്ത വ്യക്തികൾക്കും,സ്വകാര്യ സ്ഥാപനങ്ങൾക്കുമായിയിരിക്കും അവരവരുടെ ഭൂമിയിൽ ഉള്ള മരം വീണ് ഉണ്ടാകുന്ന എല്ലാ അപകടങ്ങൾക്കും നഷ്ടപരിഹാരം നൽകുവാൻ ബാധ്യതയെന്നുള്ള നിർദ്ദേശം പൊതുജനങ്ങൾക്ക് ജില്ലാ ഇൻഫർമേഷൻ ഓഫീസർ നൽകേണ്ടതാണെന്ന് ജില്ലാ കലക്ടർ നിർദ്ദേശിച്ചു.

V മഴക്കാലത്ത് ടാങ്കർ ലോറി അപകടങ്ങൾ വർദ്ധിക്കാറുണ്ട്.പെട്രോളിയം ഉത്പന്നങ്ങൾ കൊണ്ടുപോകുന്ന ടാങ്കർ ലോറികൾ സഞ്ചരിക്കുന്ന പ്രധാന പാതകളിൽ രാത്രി 10 മണിക്കും പകൽ 6 മണിക്കും ഇടയിൽ അതാത് ജില്ലാ അതിർത്തികളിൽ വെച്ച് ഇവരെ തടഞ്ഞ് നിർത്തി ഡ്രൈവർമാർക്ക് ഒരു ചൂട് ചായ/കാപ്പി കുടിക്കുവാൻ നൽകുന്നതും ഉചിതമായിരിക്കും ടാങ്കർ ലോറികൾ രണ്ട് ഡ്രൈവർമാർ ഉണ്ടായിരിക്കണമെന്നതുൾപ്പെടെയുള്ള നിബന്ധനകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് പരിശോധന കർശനമാക്കേണ്ടതാണ്. 30 മിനിറ്റ് സമയം നിർബന്ധിത വിശ്രമം നൽകേണ്ടതുമാണ് ഇതിനാവശ്യമായ ഫണ്ട് റോഡ് സുരക്ഷാ അതോറിറ്റിയിൽ നിന്നും കണ്ടെത്തേണ്ടതാണ് ജില്ലാ കലക്ടർ നിർദ്ദേശിച്ചു.

VI പുഴക്കടവുകളിലും, ബീച്ചുകളിലും അപകടകരമായ കയങ്ങളിൽ ഉള്ള പ്രദേശങ്ങളിൽ അപകട സൂചന ബോർഡുകൾ സ്ഥാപിക്കേണ്ടതാണ്.ശക്തമായ കാറ്റും,തീരശോഷണവും,തിരയും ഉള്ള സമയത്ത് ആരെയും അപകട സാധ്യതയുള്ള സ്ഥലങ്ങളിൽ ജലക്രീഡകളിൽ ഏർപ്പെടുവാൻ അനുവദിക്കരുത്. ഇതിനാവശ്യമായ അടിയന്തിര നടപടി ഡി ടി പി സിയും,പോലീസും സ്വീകരിക്കണമെന്ന് ജില്ലാ കലക്ടർ നിർദ്ദേശിച്ചു.

VII മഴക്കാല മുന്നൊരുക്കവുമായി ബന്ധപ്പെട്ട് ബ്ലോക്ക് /ഗ്രാമപഞ്ചായത്തുകളിൽ മേൽ വിഷയങ്ങൾ സംബന്ധിച്ച് അവലോകന യോഗങ്ങൾ നടത്തേണ്ടതാണെന്ന് ജില്ലാ കലക്ടർ നിർദ്ദേശിച്ചു.

യോഗം നടപടികൾ വൈകുന്നേരം 4.30 മണിക്ക് അവസാനിച്ചു

ജില്ലാ കലക്ടർ

Scanned with CamSc